ഏറ്റെടുക്കാനുള്ള നടപടികളും എല്ലാം പൂർത്തിയായിട്ടുണ്ട്. തോട്ടണ്ടിയുടെ ലഭ്യത മാത്രമാണ് അതിനാശ്രയിക്കുന്നത്. അതിനാവശ്യമായ സഹായങ്ങളും അപ്പോൾ നൽകുകയും ചെയ്യും.

ശ്രീ. വി. കെ. രാജൻ : കയർ വ്യവസായത്തെ രക്ഷിക്കുന്ന ഒരു ഗവൺമെന്റാണിത് എന്ന് ബഹുമാനപ്പെട്ട മന്ത്രി അവകാശപ്പെടുന്നു. 6-ാം പഞ്ചവൽസരപദ്ധതിയിൽ കേരളത്തിലെ കയർ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി നീക്കിവച്ച സംഖ്യയിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ സംഖ്യ ഉൾക്കൊള്ളിക്കാത്തതിനാൽ എട്ടുകോടി രൂപ കേന്ദ്രത്തിൽനിന്ന് നഷ്ടപ്പെട്ട വിവരം വെളിപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. മെമ്പർ ഉദ്ദേശിക്കുന്നത് ഒരുപക്ഷെ കോ ഓപ്പറേറ്റീവ് ഇൻഡസ്ട്രീസ് സ്കീമിനു നീക്കിവച്ചതായിരിക്കാം. ഇൻഡ്യാ ഗവൺമെന്റ് തന്നെ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായത്തെ മാനിച്ചുകൊണ്ട് അതൊരിക്കലും ലാപ്സാകുകയില്ല, തുടർച്ചയായി നടത്തുമെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആറാം പദ്ധതിയിൽ ലഭ്യമായിക്കഴിഞ്ഞതിനുശേഷം ഇനിയും അതിനർഹമായ സഹകരണസംഘങ്ങളുണ്ടെങ്കിൽ 7-ാം പദ്ധതിയിലും ഉൾപ്പെടുത്തുമെന്ന് സമ്മതിച്ചിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് അങ്ങനെ നഷ്ടപ്പെടുത്തിയിട്ടില്ല, നഷ്ടപ്പെടുത്താനുള്ള നടപടികളെടുത്തിട്ടുമില്ല, കഴിയുന്നത്ര ഉപയോഗിക്കാനാണ് ഗവൺമെന്റ് ശ്രമിച്ചത്.

ഗിരി വർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി

*333. [359] ശ്രീ. കെ. എം. ഹംസക്കുഞ്ഞ് :
,, കെ. പി. എ. മജീദ് :
,, സി. ടി. അഹമ്മദ് അലി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ടുപോയ ഭൂമിയെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാൻ ഗവൺമെന്റ് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ ;

(ബി) എങ്കിൽ ആരെയെല്ലാം ;

(സി) അവർ അത് സംബന്ധിച്ച് എന്തെങ്കിലും വിവരം ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ഡി) എത്ര ഗിരിജനങ്ങളുടെ ഭൂമി അന്യാധീനപ്പെട്ടുപോയി എന്ന് വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ, ബി) പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ടുപോയ ഭൂമിയെ സംബന്ധിച്ച പ്രാഥമിക വിവരം ശേഖരിക്കുന്നതിന് തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓരോ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചിട്ടുണ്ടായിരുന്നു.

(സി) 1977-ൽ തന്നെ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം ജില്ലയിൽ 595-ഉം, കോഴിക്കോട് ജില്ലയിൽ 1252-ഉം, മലപ്പുറം ജില്ലയിൽ 120-ഉം കണ്ണൂർ ജില്ലയിൽ 136-ഉം ഗിരിജന കുടുംബങ്ങളുടെ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്.

1977-ൽ കിട്ടിയ ഒരു റിപ്പോർട്ട് വച്ചിട്ടാണ് ഇത് പറഞ്ഞിട്ടുള്ളത്. അതിനുശേഷം റിപ്പോർട്ട് കിട്ടിയിട്ടില്ല. അതിനുശേഷം ആരേയും നിയമിച്ചിട്ടുമില്ല.

ശ്രീ. കെ. പി. എ. മജീദ് : ഗിരിവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ടു പോയ ഭൂമി തിരിച്ചു നൽകുന്നതിന് 1976-ൽ ഉണ്ടാക്കിയിട്ടുള്ള നിയമത്തിന്റെ വെളിച്ചത്തിൽ വല്ല ഭൂമിയും തിരിച്ച് പിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ ? ആ നിയമം നടപ്പിലാക്കാനുള്ള പ്രായോഗികമായ വൈഷമ്യങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : നിയമനിർമ്മാണം നടത്തിയിട്ട് അത് നടപ്പാക്കുന്ന കാര്യം കോൺഡ് സ്റ്റേറ്റേജിലായിരുന്നു. അതാത് സമയത്ത് തീരുമാനമെടുക്കുന്നതിനുള്ള നടപടികളുണ്ടായില്ല. ഏതായാലും ഈ ഗവൺമെൻറിന്റെ കാലത്തേ ഒരു തീരുമാനം എടുത്തിട്ടുള്ളു.

ശ്രീ. കെ. പി. എ. മജീദ് : ആ നിയമത്തിൽ 1960 മുതലുള്ള അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചുപിടിക്കാനായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ അത് അപ്രായോഗികമായതു കൊണ്ട് അതിൽ വല്ല വ്യത്യാസവും വരുത്തിയിട്ടുണ്ടോ ? അന്യാധീനപ്പെട്ടുപോയ ഭൂമി (1960 മുതലുള്ളത്) തിരിച്ചുപിടിക്കാനാണോ ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ? അതോ അതിന് വിപരീതമായി മറ്റ് വല്ല ഗവൺമെൻറ് ഉത്തരവുകളും ഈയിടെയായി വന്നിട്ടുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : ഈ സഭയിലുള്ള അംഗങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ ഈ നിയമത്തിന് റിട്രോസ്പെക്ടീവ് ഇഫക്ട് വേണമോ വേണ്ടയോ എന്നുള്ളതു തർക്കവിഷയമായിട്ടിരുന്നു. 1977-ൽ, ആ ഡേറ്റ് മുതൽ കൊടുക്കാൻ ആലോചന നടന്നു '1980-ൽ ആ ഡേറ്റ് മുതൽ കൊടുക്കാൻ ആലോചന നടന്നു. റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കുകയെന്നുള്ളതിന്റെ തർക്കമാണ് നിലനിന്നിരുന്നത്. ഏതായാലും ഈ ഗവൺമെൻറ് ഇപ്പോൾ 18-10-1986-ൽ അതിന്റെ റൂൾസും ഇറക്കിയിരിക്കുന്നു. ഇനി അത് നടപ്പാക്കാൻ ബുദ്ധിമുട്ടുകളില്ല. '1982 മുതൽ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷമുള്ള എല്ലാ കൈമാറ്റങ്ങളും സാധുവാക്കിക്കൊണ്ടുള്ള നിയമമാണ്.

ശ്രീ. സി. ടി. അഹമ്മദലി : ഗിരിവർഗ്ഗക്കാർക്ക് പതിച്ചു കൊടുത്ത ഭൂമികളിൽ പലതും ഇടത്തട്ടുകാർ ചൂഷണം ചെയ്തു കൈവശപ്പെടുത്തിയിട്ടുണ്ട്. അവരുടെ ഭൂമി ഇങ്ങനെ നഷ്ടപ്പെട്ടതിന്റെ പേരിൽ വല്ല നടപടികളും എടുത്തിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇത്തരക്കാരുടെ പേരിൽ കർശനമായ നടപടികൾ എടുക്കുന്ന കാര്യം മന്ത്രി പരിഗണിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇനി മുതൽ ഈ നിയമം നടപ്പാക്കി അങ്ങനെ ഭാവിയിലുള്ള ഭൂമി കൈമാറ്റം പരിപൂർണ്ണമായി തടയുന്നതിന് ഈ നിയമം ഉപയുക്തമാണ്. ഏതായാലും നാലുകൊല്ലംമുമ്പ് കൈമാറ്റം ചെയ്ത ഭൂമിയെങ്കിലും തിരിച്ച് എടുക്കാനുപയുക്തമാകുന്ന നിയമമാണ് ഇപ്പോൾ പാസ്സാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദലി : അന്യാധീനപ്പെട്ടുപോയിട്ടുള്ള ഭൂമി കൈവശക്കാർക്ക് തിരിച്ചു നൽകുമ്പോൾ നഷ്ടപരിഹാരം നൽകുന്നതിന്റെ മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അതിനുള്ള റൂൾസ് പ്രെയിം ചെയ്തിട്ടുണ്ട്. ഭൂമി കൈമാറ്റം ചെയ്തതിനുശേഷമുള്ള ഇംപ്രൂവ്മെന്റ്സ് ആണ്. ആ ഇംപ്രൂവ്മെന്റ്സ് നൽകാൻ ഇന്നുള്ള പ്രൈബ്സിന് ബുദ്ധിമുട്ടുണ്ടെന്നുള്ളതുകണക്കിലെടുത്തുകൊണ്ട് അതിനാവശ്യമായ ലോൺ കൊടുക്കുന്നതിനും ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. പി. കെ. കെ. ബാവ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ അന്യാധീനപ്പെട്ടുപോയിട്ടുള്ള ഭൂമിയെക്കുറിച്ച് ജില്ല തിരിച്ചുള്ള കണക്ക് ഇവിടെ വിശദീകരിച്ചു. എന്നാൽ ഈ ജില്ലകളിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് അന്യാധീനപ്പെട്ടുപോയിട്ടുള്ളതെന്ന കണക്ക് വ്യക്തമാക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : കൃത്യമായ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ എന്ന് ചോദിച്ചു, അതിനുള്ള മറുപടിയാണ് കൊടുത്തത്. യഥാർത്ഥത്തിൽ ആ റിപ്പോർട്ടിന് ഇന്ന് പ്രസക്തിയില്ല, കാരണം 1977-ന് മുമ്പുള്ള ഒരു റിപ്പോർട്ടാണ് ഇവിടെ കാട്ടിയിട്ടുള്ളത്. അതിനുശേഷമുള്ള സ്ഥിതിഗതികളൊ ശേഖരിച്ചിട്ടില്ല.

ശ്രീ. പി. കെ. കെ. ബാവ : ബഹുമാനപ്പെട്ട മന്ത്രി 1977-ന് ശേഷം ശേഖരിച്ചിട്ടുള്ള ഒരു കണക്കിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടാണ് ഇവിടെ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ പുതിയ ഒരു കണക്ക് ശേഖരിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഉള്ള നടപടി മന്ത്രിയുടേയും ഗവൺമെന്റിന്റേയും ഭാഗത്തുനിന്ന് ഉണ്ടാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : വളരെ വ്യക്തമായിട്ടുള്ള പ്രൊവിഷൻസ് ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൾ എഴുതിത്തന്നെ കൊടുക്കണമെന്നില്ല, വാക്കാൽ റവന്യൂ ഡിവിഷണൽ ആഫീസറെ അറിയിച്ചാൽ മതി, അത് നോട്ട് ചെയ്ത് എടുക്കാനും അതിലെന്തെങ്കിലും കുറവുണ്ടെങ്കിൽ ആ കുറവിന്റെ പേരിൽ അപേക്ഷ തള്ളാതിരിക്കാനും വീണ്ടും മറ്റ് കാര്യങ്ങൾ ശേഖരിക്കാനുമുള്ള പരിപൂർണ്ണമായ അധികാരം റവന്യൂ ഡിവിഷണൽ ആഫീസർക്ക് കൊടുത്തുകൊണ്ട് വാക്കാൽ കിട്ടുന്ന പരാതിവരെ സ്വീകരിക്കാനുള്ള പ്രൊവിഷൻസ" ഈ റൂൾസിൽ ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : 1977-ന് മുമ്പ് ഭൂമി കൈവശം വച്ചിരുന്നവർക്ക് അത് പതിച്ചുകൊടുക്കാനുള്ള നടപടി ഗവൺമെന്റ് എടുത്തിരിക്കുകയാണ്. 1982-ന് ശേഷമുള്ള അന്യാധീനപ്പെട്ടുപോയ ഭൂമി—ഒരു സെന്റ് ഭൂമിപോലും ഉണ്ടാകുകയില്ല—എങ്ങനെയാണ് അവർക്ക് കൊടുക്കാൻ കഴിയുക ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ എല്ലാ ജില്ലകളിലുമായി ആദിവാസികൾക്ക് നഷ്ടപ്പെട്ടുപോയ ഭൂമി തിരിച്ചുകൊടുക്കാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ? തിരിച്ചുകൊടുത്തിട്ടുണ്ടോ ? ഈ ഭൂമി മുഴുവൻ അവർക്ക് തിരിച്ചുകൊടുക്കുമെന്ന് ഗവൺമെന്റ് ഉറപ്പു പറയുന്നുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : ഇങ്ങനെ ആദിവാസികളിൽ നിന്ന് കൈമാറ്റം ചെയ്ത ഭൂമിക്ക് ഓരോയായിതന്നെ അപേക്ഷ കൊടുത്താൽ മതി, അങ്ങനെ അപേക്ഷ കൊടുക്കുന്ന ഭൂമികളെ സംബന്ധിച്ചിടത്തോളം അവസാന തീരുമാനമൊക്കാതെ തീർച്ചയായും പട്ടയം കൊടുക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : നഷ്ടപ്പെട്ടുപോയ ഭൂമിയുടെ കണക്ക് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ചു. അങ്ങനെ അന്യാധീനപ്പെട്ടുപോയ ഭൂമി മുഴുവൻ ആദിവാസികൾക്ക് ഈ ഗവൺമെൻറ് തിരിച്ചുകൊടുക്കുമോ? അതിന് മറുപടി പറഞ്ഞില്ല.

ശ്രീ. പി. ജെ. ജോസഫ് : ഇപ്പോൾ പാസ്സാക്കിയിട്ടുള്ള ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ അന്യാധീനപ്പെട്ടുപോയിട്ടുള്ള മുഴുവൻ ഭൂമിയും തിരിച്ചെടുക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ : 1977-ന് മുമ്പുള്ള ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1982-മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നമ്മുടെ സംസ്ഥാനത്തെ ആദിവാസികളുടെ ഭൂമി തിരിച്ചു കൊടുക്കാൻ പോകുന്നത് അനുസരിച്ചാണെങ്കിൽ ഈ രാജ്യത്തു ഭൂമി കൊടുക്കാൻ ഉണ്ടാവുകയില്ല. അതു കൊണ്ട് ഈ മുൻകാല പ്രാബല്യം 1982 എന്നുള്ളത് കുറേക്കൂടെ പിന്നോട്ടു മാറ്റാനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : 1980 മുതൽ 1981 ഒക്ടോബർ വരെ അധികാരത്തിലിരുന്ന ഗവൺമെൻറ് ഈ നിയമം കോഡ് സ്റ്റേറ്റാറേജിൽ വച്ചതിനു ശേഷം ഇപ്പോൾ ചോദ്യം ചോദിക്കുന്നതിൽ ഒരു പ്രസക്തിയുമില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : ഈ നിയമം പാസാക്കിയത് 1976-ൽ ആണ്. 1976-ൽ പാസ്സാക്കുന്നതിനുമുമ്പ് ആളുകൾക്ക് ഈ നിയമത്തിന്റെ ബുദ്ധിമുട്ടിനെക്കുറിച്ച് അറിയില്ലായിരുന്നു, എന്നാൽ ഇത് പാസ്സാക്കിയതിനുശേഷവും ബോധപൂർവം ഭൂമി കൈമാറ്റം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ 1976-ന് മുമ്പുള്ള രീതിയിൽ ഒരു മുൻകാലപ്രാബല്യത്തോടുകൂടി ഇത് നടപ്പിലാക്കാൻ ശ്രമിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : മാറിമാറി ഗവൺമെൻറുകളും വന്നിട്ടുണ്ട്. റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. ഒറ്റ ഡേറെങ്കിലും 'retrospective effect' കൊടുക്കാൻ വൈമനസ്യം കാണിച്ചതാണ് നിയമം നടപ്പാകാതിരിക്കാൻ കാരണം. നാലുകൊല്ലമെങ്കിലും 'retrospective effect' കൊടുത്തുകൊണ്ട് പ്രായോഗികമായ ഒരു സമീപനം സ്വീകരിച്ചിരിക്കുന്നുവെന്നുള്ളതാണ് വസ്തുത.

സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി പ്രകാരമുള്ള ധനസഹായം

* 334 (360) ശ്രീ. എം. കെ. കേശവൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ കെ. പി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിപ്രകാരം ധനസഹായത്തിന് അർഹരാകുന്നവർക്ക് നൽകുന്ന വായ്പ മൂന്നു സ്ലാബുകളിലായി തിരിച്ച് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly